ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
Tele FAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി1-1559/10/സിഇ/തസ്വഭവ

തീയതി : 29.10.2015

## സർക്കുലർ

ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുവേണ്ടി ബ്ലോക്ക്പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക സൃഷ്ടിച്ചിട്ടുള്ളതാണ്. ടി ബ്ലോക്ക് എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, ബിൽ തുടങ്ങിയവയുടെ സാങ്കേതികപരിശോധന, സൂപ്പർവിഷൻ എന്നിവ ചെയ്യുന്നതിനാണ് ഫസ്റ്റ്ഗ്രേഡ് ഓവർസിയർ, സെക്കന്റ് ഗ്രേഡ് ഓവർസിയർ എന്നിവരെ ബ്ലോക്കുകളിൽ നിയോഗിച്ചിരിക്കുന്നത്. എന്നാൽ പല ബ്ലോക്ക് പഞ്ചായത്തുകളിലും, ടി ഓവർസിയർമാർ മുഖേന അല്ലാതെ പഞ്ചായത്തുകളിലെയും മറ്റും ഓവർസിയർമാരെ ഉപയോഗിച്ച് ബ്ലോക്ക്പഞ്ചായത്തുകളുടെ പ്രവൃത്തികൾ സൂപ്പർവൈസ് ചെയ്യിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന പൊതുമരാമത്ത് പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. ആയതിനാൽ ബ്ലോക്ക്പഞ്ചായത്തുകളുടെ പൊതുമരാമത്ത് പ്രവൃത്തികൾ ബ്ലോക്കിലെ തന്നെ ഓവർസിയർമാരെ മാത്രം ഉപയോഗിച്ച് സൂപ്പർവൈസ് ചെയ്യേണ്ടതും ബ്ലോക്കിൽ ഓവർസിയർമാർ ഇല്ലാത്തപക്ഷം മാത്രമേ അതത് പഞ്ചായത്തുകളിലെ ഓവർസിയർമാരുടെ സേവനം ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഉപയോഗപ്പെടുത്താൻ പാടുള്ളു എന്ന് അിറയിക്കുന്നു. മേൽപ്രകാരം പ്രവർത്തിക്കാത്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കെതിരെ വകുപ്പുതല അച്ചടക്കനടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിക്കുന്നു.

ചീഫ് എൻജിനീയർ

P 1273